പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3452 — 29.01.2014 - ൽ മറുപടിക്ക്

**'സ്നേഹപൂർവ്വം പദ്ധതി'**

| ചോദ്യം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ സഹായം ലഭിക്കുന്നതിന് ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദീകരണം നൽകാമോ ; | (എ) | മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരണപ്പെട്ട കുടുംബങ്ങളിലെ സർക്കാർ / എയ്ഡഡ് സ്കൂൾ / കോളേജ്ജിൽ പഠിക്കുന്ന കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ 20000 രൂപ വരെയും നഗര പ്രദേശങ്ങളിൽ 22375 രൂപ വരെയും വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികളായിരിക്കണം.<br>നിശ്ചിത ഫാറത്തിൽ ചുവടെ പറയുന്ന രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകേണ്ടതാണ്.<br>1. ബി.പി.എൽ റേഷൻ കാർഡിന്റെ അറ്റസ്റ്റഡ് കോപ്പി അഥവാ കാർഡ് എപിഎൽ ആണെങ്കിൽ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്<br>2. മരണപ്പെട്ട രക്ഷകർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. കുട്ടി പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം<br>4. ജനപ്രതിനിധി നൽകുന്ന സാക്ഷ്യപത്രം<br>5. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ കുട്ടിയുടേയും രക്ഷാകർത്താവിന്റേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

| | | | |
|---|---|---|---|
| (ബി) | സ്നേഹപൂർവ്വം പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് 2013 – ൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഈ അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | പദ്ധതി മാനദണ്ഡപ്രകാരം ധനസഹായത്തിനർഹതയുള്ള 28583 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇവരിൽ 8277 പേർക്ക് ധനസഹായം അനുവദിച്ച കഴിഞ്ഞു. ബാക്കിയുള്ള 20306 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുമ്പോൾ ആ വിവരം അവരെ അറിയിച്ചിട്ടുണ്ടോ; അർഹതപ്പെട്ടവർക്കെല്ലാം ധനസഹായം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (സി) | അർഹതയുള്ളവർക്കുള്ള ധനസഹായം ഗുണഭോക്താവിന്റെയും രക്ഷകർത്താവിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് ഇലക്ട്രോണിക്ക് മണി ട്രാൻസ്ഫറായാണ് അനുവദിക്കുന്നത്. ധനസഹായം അനുവദിച്ച വിവരം ഗുണഭോക്താവിനെ അറിയിക്കാറില്ല. അർഹതപ്പെട്ടവർക്കെല്ലാം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | 'സ്നേഹപൂർവ്വം' പദ്ധതിയിൽ അർഹതപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | പദ്ധതി ധനസഹായത്തിനർഹതയുള്ള എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് പദ്ധതി വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടി പ്രവർത്തകർക്കും നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി വിശദാംശങ്ങൾ ശ്രവ്യ/ ദൃശ്യ/പത്ര മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ